RNI NO. KERMAL /2013/53849
REGISTERED NO. OTTAPALAM/5/2017-19



## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ

1. സത്യാർത്ഥപ്രകാശം (മലയാളം പരിഭാഷ)
   മഹർഷി ദയാനന്ദസരസ്വതി. സമ്പാദകൻ: കെ.എം. രാജൻ - Rs.250.00.
2. സന്ധ്യോപാസനയും അഗ്നിഹോത്രവും
   മഹർഷി ദയാനന്ദസരസ്വതി. സമാഹരണം: കെ.എം. രാജൻ - Rs.60.00
3. വൈദിക ധർമ്മ ആര്യസമാജ പ്രശ്നോത്തരി
   പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി.
   തർജ്ജമ : കെ.എം.രാജൻ - Rs.40.00
4. ആര്യസമാജം എന്ത്? എന്തിന്? - ലത രാജൻ - Rs.10.00
5. സത്യാർത്ഥ പ്രകാശം നൽകുന്ന സന്ദേശം - കെ.എം.രാജൻ - Rs.10.00
6. വൈദിക നിത്യകർമ്മവിധി - കെ.എം.രാജൻ - Rs.20.00
7. വേദാന്തി ധ്വാന്ത നിവാരണം - Rs.25.00
   മഹർഷിദയാനന്ദ സരസ്വതി തർജ്ജമ : കെ.എം.രാജൻ
8. ഉപദേശമഞ്ജരി അഥവാ പൂനാ പ്രവചനം - Rs.60.00
   മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ
9. ആര്യോദ്ദേശ്യ രത്നമാല - Rs.25.00
   മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ
10. സംശയനിവാരിണി - Rs.140.00
    ശ്രീ.മദൻ രഹേജ തർജ്ജമ : കെ.എം.രാജൻ
11. വേദ പ്രകാശം പാഠാവലി -കെ.എം.രാജൻ - Rs.40.00
12. മഹർഷി ദയാനന്ദ സരസ്വതി (ജീവചരിത്രം) - Rs.60.00
    കെ.എം.രാജൻ
13. ശത്രുവോ? മിത്രമോ? - കെ.എം.രാജൻ - Rs.35.00
14. ശിവസങ്കല്പം - കെ.എം.രാജൻ - Rs.30.00
15. ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും - Rs.40.00
    ടക.എം.രാജൻ
16. വൈദിക ഈശ്വരൻ - Rs.35.00
    കെ.എം.രാജൻ
17. കാലാ പഹാഡ് അഥവാ കാലാചന്ദ് റായ് - Rs.40.00
    കെ.എം.രാജൻ
    (പോസ്റ്റേജ് ചെലവ് പുറമെ)

### അച്ചടിയിലുള്ളവ

1. ദ്രൗപദിയും പഞ്ചപതികളും - അമർസ്വാമി സരസ്വതി
   തർജ്ജമ : കെ.എം.രാജൻ
2. യോഗദർശനം
   (മഹർഷി വ്യാസഭാഷ്യസഹിതം) - സ്വാമി സത്യപതി പരിവ്രാജക്
   തർജ്ജമ. കെ.എം.രാജൻ
3. വേദങ്ങളെ അറിയുക - ഡോ.വിവേക് ആര്യ
   തർജ്ജമ: കെ.എം.രാജൻ
4. അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം - കെ.എം.രാജൻ
5. പുരാണങ്ങൾ സത്യവും മിഥ്യയും - കെ.എം.രാജൻ


*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*

*Email: dayanandasandesam@gmail.com* *Phone: 7907077891, 9562529095*



ओ३म्

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

**വൈദിക-ദാർശനിക മാസിക**

**DAYANANDA SANDESAM**

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!



പുസ്തകം : 7 ലക്കം 7

സൃഷ്ടി സംവത്സരം 1972949120 കലിവർഷം 5120 പൗഷ - മാഘ
1194 ധനു - മകരം 2019 ജനുവരി

വാർഷിക വരിസംഖ്യ: ₹100/- ദീർഘകാലം: ₹1500/-



# വീര ഹക്കീകത് റായ്

## ഭാരത ചരിത്രത്തിൽ ഈ മാസം ഓർക്കേണ്ട പ്രധാന ദിനങ്ങൾ

| | | |
|---|---|---|
| ജനുവരി 3 | : | വീരപാണ്ഡ്യകട്ടബൊമ്മൻ ജന്മദിനം |
| ജനുവരി 12 | : | സ്വാമി വിവേകാനന്ദ ജയന്തി |
| ജനുവരി 14 | : | മകരസംക്രാന്തി |
| ജനുവരി 20 | : | വീര ഹക്കീകത് റായ് രക്തസാക്ഷിദിനം |
| ജനുവരി 23 | : | നേതാജി സുഭാഷ്ചന്ദ്രബോസ് ജന്മദിനം |
| ജനുവരി 26 | : | ഭാരത ഗണതന്ത്രദിനം |
| ജനുവരി 28 | : | ലാലാ ലജ്പത്റായ് ജന്മദിനം |

*"മാനവരെല്ലാം ആര്യന്മാർ!
വേദജ്ഞാനം ഈശ്വരദത്തം!
സേവനമല്ലോ നമ്മുടെ ധർമ്മം!"*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം

**മണ്ഡലം 1** **സൂക്തം 8**



**മധുച്ഛന്ദാ ഋഷിഃ ഇന്ദ്രോദേവതാ വർധമാനാ ഗായത്രീഛന്ദഃ ഷഡ്ജഃ**

**ഏവാ ഹ്യസ്യ കാമ്യാ സ്തോമ ഉക്ഥം ച ശംസ്യാ।**
**ഇന്ദ്രായ സോമപീത യേ॥ (ഋഗ്വേദം 1.8.10)**

**പദാർത്ഥം:** (അസ്യ) ഈ നാലുവേദങ്ങളിലും കാമ്യവും അത്യന്തം മനോഹരവും (ശംസ്യേ) പ്രശംസിക്കപ്പെടാൻ യോഗ്യവുമായ കർമ്മങ്ങൾ അഥവാ സ്തോത്രങ്ങൾ ആകുന്നു. (ച) അതേപോലെ(ഉക്ഥം) ഏതിലാണോ പരമേശ്വരന്റെ ഗുണങ്ങളുടെ കീർത്തനങ്ങൾ ഉള്ളത് അത് (ഇന്ദ്രായ) പരമേശ്വരന്റെ പ്രശംസക്കായുള്ളതാണ്. അങ്ങനെയുള്ള പരമേശ്വരൻ തന്റെ (സോമപിതയേ) വ്യാപ്തിയാൽ എല്ലാപദാർത്ഥങ്ങളുടേയും അംശങ്ങളിൽ അടങ്ങിയിരിക്കുന്നു.

**ഭാവാർത്ഥം:** ലോകത്തിലുള്ള നല്ലനല്ല പദാർത്ഥങ്ങളുടെ രചനാവിശേഷം കണ്ട് ആ വസ്തുക്കൾ നിർമ്മിച്ചവരെ പ്രശംസിയ്ക്കാറുണ്ട്. അതേപോലെ ഈ പ്രപഞ്ചത്തിലെ പ്രസിദ്ധവും അപ്രസിദ്ധവുമായ അത്യുത്തമ പദാർത്ഥങ്ങളും അവയുടെ സവിശേഷവുമായ രചനയും കണ്ട് ഈശ്വരന് നന്ദി പറയാറുണ്ട്. ഇക്കാരണത്താൽ പരമേശ്വരന്റെ സ്തുതിയ്ക്കു സമാനമായോ അതിലധികമായോ ആരേയും സ്തുതിയ്ക്കാനാവില്ല.

ഇപ്രകാരം ഏതൊരാൾ ഈശ്വരന്റെ ഉപാസനയും വേദോക്ത കർമ്മങ്ങളും ചെയ്യുന്നുവോ അയാൾ ഈശ്വരന്റെ ആശ്രിതനായിത്തീർന്ന് വേദവിദ്യയാൽ ആത്മാവിന് സുഖവും ഉത്തമക്രിയകളാൽ ശരീരസുഖവും നേടുന്നു. അയാൾ പരമേശ്വരനെ മാത്രമെ സ്തുതിയ്ക്കുകയുള്ളു.

ഈ സൂക്തത്തിലെ മന്ത്രങ്ങളുടെ അർത്ഥവും സായാണാചാര്യരും യൂറോപ്യൻ ദേശവാസിയായ അധ്യാപകനായ വിൽസൺ തുടങ്ങിയ ഇംഗ്ലീഷുകാരും തെറ്റായി വർണ്ണിച്ചിരിക്കുന്നു.

എട്ടാം സൂക്തം സമാപിച്ചു.

**(മഹർഷി ദയാനന്ദസരസ്വതിയുടെ ഋഗ്വേദഭാഷ്യത്തിൽ നിന്ന്**

**തർജ്ജമ : കെ.എം.രാജൻ)**

***ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)***
***ഈ ജഗത് മുഴുവനും ഈശ്വരമയമാണ്***






# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## വേദഗുരുകുലം മൂന്നാം വാർഷികോത്സവും കേരള ആര്യസമ്മേളനവും

**കാ**റൽമണ്ണ വേദഗുരുകുലത്തിന്റെ മൂന്നാം വാർഷികോത്സവം ഡിസംബർ 23ന് (സ്വാമി ശ്രദ്ധാനന്ദ് ബലിദാനദിനം) വിവിധ പരിപാടികളോടെ സമുചിതമായി ആഘോഷിച്ചു. ആര്യജഗത്തിലെ ഉന്നത സന്യാസിവര്യന്മാരും ആര്യനേതാക്കളും ചടങ്ങിൽ സംബന്ധിച്ചു. ഇതോടനുബന്ധിച്ച് കേരളത്തിലെ ആര്യസമാജപ്രവർത്തകരുടെ ഒരു സമ്മേളനവും നടന്നു. പതിനൊന്ന് വൈദികസാഹിത്യങ്ങളുടെ പ്രകാശനവും ഈ വാർഷികോത്സവത്തിൽ വെച്ചു നടന്നു.

## കാറൽമണ്ണ വേദഗുരുകുലത്തിലേക്ക് പ്രവേശനമാരംഭിച്ചു

**കാ**റൽമണ്ണ വേദഗുരുകുലത്തിൽ 2019 ഏപ്രിൽ 6ന് (യുഗാബ്ദം 5121 ചൈത്രശുക്ല പ്രതിപദ) ആരംഭിയ്ക്കുന്ന പുതിയ അധ്യയനവർഷത്തേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. 6, 7, 8, 11 ക്ലാസ്സുകളിലേക്കാണ് പ്രവേശനം. വേദപഠനത്തോടൊപ്പം ആധുനിക വിദ്യാഭ്യാസവും നൽകുന്നതാണ്. പ്രവേശനപരീക്ഷ, മുഖാമുഖം എന്നിവയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം. പഠനം, താമസം എന്നിവ സൗജന്യമായിരിക്കും. പഠനകാലത്ത് ബ്രഹ്മചാരികൾ (വിദ്യാർത്ഥികൾ) പൂർണ്ണ സമയവും ഗുരുകുലത്തിൽ തന്നെതാമസിക്കണം. സ്ഥലപരിമിതിമൂലം യോഗ്യരായ ഏതാനും വിദ്യാർത്ഥികൾക്കു മാത്രമേ പ്രവേശനം നൽകാനാവുകയുള്ളു. താല്പര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക – 7907077891, 9562529095



***ഛിദ്രം വൃണ (യജുർവ്വേദം 12.54)***
***തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും***

*(മുൻ ലക്കത്തിന്റെ തുടർച്ച)*

**ആര്യവീർദളം – ബാലപംക്തി**

**ആര്യവീരഗാഥ – 2**

# അമരബലിദാനി പണ്ഡിറ്റ്ലേഖ്റാം

കെ.എം.രാജൻ



"**ഈ**ശ്വരന്റെ കർമ്മഫലസിദ്ധാന്തത്തിൽ അടിയുറച്ചു വിശ്വസിച്ചിരുന്ന ലേഖ്റാം മകന്റെ വിയോഗത്തെ സ്വീകരിച്ചു."

## പണ്ഡിറ്റ് ലേഖ് റാമും സ്ത്രീവിദ്യാഭ്യാസവും

സ്ത്രീ വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള പ്രക്ഷോഭത്തിന് തുടക്കം കുറിച്ച വരിലൊരാൾ പണ്ഡിറ്റ് ലേഖ്റാമായിരുന്നു. ഈ ദിശയിൽ വഴി തെളിയിച്ച യുഗ ദ്രഷ്ടാവായിരുന്നു അദ്ദേഹം. സ്ത്രീ വിദ്യാഭ്യാസത്തെക്കുറിച്ച് ഉത്തരഭാരതത്തിൽ പ്രചരിച്ച ആദ്യപുസ്തകം പണ്ഡിറ്റ് ലേഖ്റാമിന്റെ കുമാരി ഭൂഷൺ ആയിരുന്നു. അതിപ്പോൾ ലഭ്യമല്ല. ഹുജത്-ഉൽ-ഇസ്ലാം എന്ന പുസ്തകത്തിന്റെ ഒന്നാം പതിപ്പിൽ അവസാനപേജിൽ പണ്ഡിറ്റ് ലേഖ്റാമിന്റെ ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ ഈ പേരുണ്ട്. സ്ത്രീശിക്ഷ എന്ന രണ്ടാമത്തെ പുസ്തകം ഝജ്ജർ ഗുരുകുലത്തിൽനിന്ന് പ്രകാശിപ്പിച്ചിട്ടുണ്ട്.

സ്ത്രീകൾക്ക് യജ്ഞോപവീതം ധരിക്കുന്നതിന് പ്രാചീന ഋഷിമാരുടെ പ്രമാണങ്ങൾ ഉയർത്തിക്കാട്ടിയ ആദ്യവ്യക്തികളിലൊരാൾ പണ്ഡിറ്റ് ലേഖ്റാമായിരുന്നു. സ്ത്രീകൾക്ക് യജ്ഞോപവീത സംസ്കാരം നൽകുന്നതിനായി അദ്ദേഹം വലിയ ഒരു മുന്നേറ്റം തന്നെ നടത്തി. ഒരിക്കൽ ധനികനായ ഒരാൾ ലേഖ്റാമിന്റെ സാന്നിദ്ധ്യത്തിൽ ഒരു സ്ത്രീയോട് കഠോരമായ ഭാഷയിൽ സംസാരിച്ചു. ലേഖ്റാമിനിത് സഹിക്കാനായില്ല .ക്ഷോഭിച്ചുകൊണ്ടദ്ദേഹം പറഞ്ഞു ഒരാര്യനായ നിങ്ങൾ അശോഭനീയമായ ഇത്തരം ശബ്ദങ്ങൾ പ്രയോഗിക്കരുത്.

ഒരുനാൾ ലാഹോറിലെ ബാദ്ശാഹിമസ്ജിദിൽ ഒരു ഹിന്ദുസ്ത്രീയെ ഒരു വെള്ളിയാഴ്ച ദിവസം മുസ്ലീം മതത്തിലേക്ക് മാറ്റാനായി ശ്രമം നടക്കുന്നു എന്ന വിവരം ലേഖ്റാമിന്റെ കാതിലെത്തി. ഈ സ്ത്രീയെ ഏതോ ദുഷ്ടന്മാർ നേരത്തെ തട്ടികൊണ്ടുപോയിരുന്നു. ഇതറിഞ്ഞ ലേഖ്റാം വളരെ ദുഃഖിതനായിത്തീർന്നു. ദേവിമാരെ അപഹരിക്കുന്നതും ബലാൽക്കാരം ചെയ്യുന്നതും അദ്ദേഹത്തിന് അസഹ്യമായിരുന്നു. അദ്ദേഹത്തിന്റെ കണ്ണുകളിൽ രക്തം പൊടിഞ്ഞു. പണ്ഡിറ്റ് ലേഖ്റാം മസ്ജിദിലെത്തി ആ സ്ത്രീയെ കണ്ടെത്തി. ഒരു കൂസലുമില്ലാതെ അദ്ദേഹം അവരേയുംകൊണ്ട് അവിടെനിന്നുപോന്നു. ആ സമയത്ത് പള്ളിയിൽ നിരവധിപേർ ഉണ്ടായിരുന്നുവെങ്കിലും അവർക്കാർക്കും അദ്ദേഹത്തെ തടയാനുള്ള ധൈര്യം ഉണ്ടായിരുന്നില്ല.

(തുടരും)

*സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)*
*ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !*






# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക–ദാർശനിക മാസിക**

**പുസ്തകം : 7** **ലക്കം 7**

**സൃഷ്ടി സംവത്സരം 1972949120 കലിവർഷം 5120 പൗഷ – മാഘ**
**1194 ധനു – മകരം 2019 ജനുവരി**



**രക്ഷാധികാരി**
സ്വാമി ആശുതോഷ്ജി പരിവ്രാജക്
**പത്രാധിപർ**
കെ.എം. രാജൻ
**ഉപദേശക സമിതി**
ആചാര്യ വാമദേവ് ആര്യ
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്
**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | |
|---|---|
| വേദാദ്ധ്യയനം : | |
| മുഖവാണി : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക : | 5 |
| ഉപദേശമഞ്ജരി : | 6 |
| പുരാണങ്ങൾ:സത്യവും മിഥ്യയും : | 7 |
| ദ്രൗപദിയും പഞ്ചപതികളും : | 8 |
| ജീവിതം ഒരലയാഴി : | 9 |
| യോഗദർശനം : | 10 |
| തന്മേമനഃ ശിവസങ്കല്പമസ്തു: | 11 |
| വ്യവഹാര ഭാനുഃ : | 12 |
| വേദങ്ങളെ അറിയുക : | 13 |
| അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം : | 14 |



**വിലാസം**


**ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ, പാലക്കാട് – 679 504**
**Ph:7907077891, 9446017440**
**Email:dayanandasandesam@gmail. com**
**Visit us : www.aryasmajkerala.org.in**


## മുഖവാണി

### ആരാണ് ഈശ്വരൻ?

(തുടർച്ച)



**പൗ**രാണികരുടെ വിശ്വാസമനുസരിച്ച് ഈശ്വരൻ ദുഷ്ടന്മാരെ അമർച്ച ചെയ്യാനായി അവതാരമെടുക്കുന്നു എന്നാണ്. എന്നാൽ ഇത് സാങ്കല്പികമായി മാത്രമേ കാണാനാവൂ. അദ്ദേഹത്തിന് അവതാരമെടുക്കേണ്ട ആവശ്യമെന്താണ്? ഈ വിശാലമായ ബ്രഹ്മാണ്ഡത്തെ രചിച്ച് അതിൽ എല്ലായിടത്തും വ്യാപിച്ചിരിക്കുന്ന ഈശ്വരന് അദ്ദേഹമില്ലാത്ത ഒരിടവും ഇല്ലാത്തതിനാൽ എങ്ങനെ അവതരിക്കാൻ (ഇറങ്ങിവരാൻ) കഴിയും? ദുഷ്ടന്മാരെ അമർച്ച ചെയ്യാൻ ഈശ്വരന് ഇവിടെ ഇറങ്ങിവരാതെതന്നെ കഴിയുമല്ലോ? ദുഷ്ടനിഗ്രഹത്തിന് ഹൃദയസ്പന്ദനം നിർത്തിയാൽ മാത്രം മതിയല്ലോ? അവതാരമെന്നപദത്തിന്റെ അർത്ഥം ഇറങ്ങിവരികയെന്നതാണ്.

*അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)*
*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

എല്ലായിടത്തും നിറഞ്ഞുനിൽക്കുന്ന ഒരാൾ എങ്ങനെ ഇറങ്ങിവരാനാണ്. ഈ പ്രപഞ്ചം മുഴുവൻ രചിക്കുന്ന നിരാകാരനായ ഈശ്വരന് ഈ ഭൂമിയിലുള്ള ഏതാനും ദുഷ്ടരെ വധിക്കാനായി രൂപം ധരിച്ച് ഇറങ്ങിവരേണ്ട ആവശ്യമുണ്ടോ? അവതരിക്കുക എന്ന കാഴ്ചപ്പാട് തന്നെ ഹാസ്യാസ്പദമാണ്. ദുഷ്ടന്മാരേയും സൃഷ്ടിക്കുന്ന ഈശ്വരന് അവരെ നശിപ്പിക്കാൻ രൂപം ധരിച്ച് ഇറങ്ങിവരേണ്ടതുണ്ടോ? ശരീരം ധരിക്കാൻ ഈശ്വരനാവില്ല.

ന്യായകാരിയായ ഈശ്വരൻ എല്ലാപ്രാണികൾക്കും കർമ്മങ്ങൾക്കനുസരിച്ച് ഫലത്തെ നൽകുന്നു. അതിൽ ഈശ്വരൻ ഒരുപക്ഷപാതവും കാണിക്കില്ല. ദയാലു എന്നത് ഈശ്വരന്റെ സഹജമായ സ്വഭാവമാണ്. ഈശ്വരൻ തന്റെ ഭക്തരുടെ തെറ്റുകളെ പൊറുത്ത് അവർക്ക് മാപ്പുനൽകും എന്ന് കരുതുന്നത് തെറ്റാണ്. അങ്ങനെ ചെയ്താൽ അദ്ദേഹം ദയാലുവല്ലാ എന്നുവരും. ഭക്തരുടെ തെറ്റുകൾമൂലം മറ്റുപ്രാണികൾക്കുണ്ടാവുന്ന ദുഃഖങ്ങളോട് അന്യായം ചെയ്യാൻ അദ്ദേഹത്തിനാവില്ല. യഥാർത്ഥത്തിൽ ന്യായകാരിയായ ഈശ്വരൻ ഭക്തരുടെ തെറ്റുകൾക്ക് യഥായോഗ്യമായ ശിക്ഷ നൽകി അവരെ തുടർന്ന് തെറ്റുകൾ ചെയ്യാതിരിക്കാൻ പ്രേരിപ്പിക്കുകയാണ് ചെയ്യുന്നത്. അദ്ദേഹത്തിന്റെ ദയാലു എന്ന ഗുണവിശേഷമാണിവിടെ പ്രകടമാവുന്നത്.

അജന്മാവായതിനാൽ അദ്ദേഹം ഒരിക്കലും ജന്മമെടുക്കുന്നില്ല. എക്കാലവും അദ്ദേഹം ഉണ്ടായിരിക്കും. അദ്ദേഹത്തിന് ഒരു തുടക്കം ഇല്ലാത്തതിനാൽ അവസാനവും ഇല്ല.

ഈശ്വരൻ നിർവ്വികാരനാണ്. അദ്ദേഹത്തിൻ ഒരു കുറവുമില്ല. ഒന്നും കൂട്ടിച്ചേർക്കാനുമാവില്ല. എല്ലായ്പ്പോഴും ഏകരസത്തോടെയായിരിക്കും. അനാദിയായതിനാൽ അദ്ദേഹത്തിന് ഒരു പ്രാരംഭം ഇല്ല. അനുപമം എന്നാൽ ഈശ്വരനെ ലോകത്തിലെ ഒരു വസ്തുവിനോടും ഉപമിക്കുക സാദ്ധ്യമല്ല എന്നതാണ്. ഈശ്വരന് ഉപമ അദ്ദേഹം തന്നെയാണ്. ഈശ്വരനിൽനിന്നും ഭിന്നമായ ഒരു പദാർത്ഥത്തോടും അദ്ദേഹത്തെ ഉപമിക്കാനാവില്ല.

സർവ്വാധാരൻ എന്നാൽ എല്ലാറ്റിന്റേയും ആധാരമായത് എന്നാണ്. ഈ സൃഷ്ടിയുടെ രചന, സംരക്ഷണം, വിലയം എന്നിവ നടത്തുന്നത് ഒരേ ഒരീശ്വരൻ ആയതിനാൽ അദ്ദേഹം എല്ലാറ്റിന്റേയും ആധാരമാണ് എന്നതിൽ സംശയമില്ല

**(തുടരും)**
**പത്രാധിപർ**





***(മുൻ ലക്കത്തിന്റെ തുടർച്ച)***

# വേദങ്ങളെ അറിയുക

**ഡോ. വിവേക് ആര്യ**
**തർജ്ജമ: കെ. എം. രാജൻ**

**അദ്ധ്യായം 2** **വേദവും ശൂദ്രനും**

കുലം, ജാതി, ക്രിയ എന്നിവയാൽ ഒരാളും ബ്രാഹ്മണനാവുന്നില്ല. സദാചാരിയാണെങ്കിൽ ചണ്ഡാളനും ബ്രാഹ്മണനായിത്തീരും (മഹാഭാരതം അനുശാസനപർവ്വം അദ്ധ്യായം 226.15)

**ചോദ്യം 10: ശിൽപ്പവിദ്യ ചെയ്യുന്നവർ വേദങ്ങളുടെ കാഴ്ചപ്പാടിൽ താഴ്ന്നവരാണോ?**

**ഉത്തരം:** വൈദികകാലത്ത് എല്ലാവർണ്ണക്കാരും അവനവന്റെ ആവശ്യാനുസാരം ശില്പവിദ്യ ചെയ്യുമായിരുന്നു. എന്നാൽ കാലക്രമേണ ശിൽപ്പവിദ്യ ശൂദ്രന്മാരിൽ മാത്രമായൊതുങ്ങി. അജ്ഞാനം മൂലം ശൂദ്രർ താഴ്ന്നവരായി കണക്കാക്കപ്പെടുകയും ചെയ്തു. അതുമൂലം ശിൽപ്പവിദ്യയും താഴ്ന്ന ജോലിയായി കണക്കാക്കിത്തുടങ്ങി. യജൂർവേദത്തിൽ പണ്ഡിതന്മാർ (ബ്രാഹ്മണർ) മുതൽ ശൂദ്രൻമാർവരെ എല്ലാവർക്കും ശിൽപ്പവിദ്യ തുടങ്ങിയവ ചെയ്യാൻ വ്യക്തമായ നിർദ്ദേശമുണ്ട്. ശിൽപ്പികളെ സൽക്കരിക്കാൻ പ്രേരണയും നൽകുന്നുണ്ട്. എങ്ങനെയാണോ പണ്ഡിതർ അനേകം ധാതുക്കളും സാധനങ്ങളും കൊണ്ട് വസ്ത്രങ്ങൾ തുടങ്ങിയവയുണ്ടാക്കി കുടുംബം നയിക്കുന്നത് അതേപോലെ യജ്ഞത്താൽ ഔഷധിരൂപത്തിലുള്ള പദാർത്ഥങ്ങളെ നൽകി രോഗങ്ങളെ ഇല്ലായ്മചെയ്യുകയും ശിൽപ്പവിദ്യയുടെ പ്രയോജനത്തെ നേടുന്നതുംപോലെ മറ്റുള്ളവരും ചെയ്താലും (യജൂർവേദം 19.80).

അല്ലയോ ബുദ്ധിമാന്മാരേ! ആരാണോ വാഹനങ്ങൾ ഉണ്ടാക്കുകയും അവ ചലിപ്പിക്കുകയും ചെയ്യുന്നതിൽ മിടുക്കൻമാരായിട്ടുള്ള ശിൽപ്പികളായിരിക്കുന്നത്, അവരുടെ വാക്കുകളെ ഗ്രഹിക്കുകയും അവരെ സൽക്കരിക്കുകയും ചെയ്ത് ശിൽപ്പ വിദ്യയുടെ ഉന്നതിയുണ്ടാക്കണം (ഋഗ്വേദം 4.136.2).

ഇത്തരത്തിലുള്ള ആലങ്കാരിക വർണ്ണനകൾ ഋഗ്വേദം 1.20.1–4 ലും 1.110.4 ലും കാണാം. സമാജത്തിലെ ലൗകിക വ്യവഹാരങ്ങളുടെ പോഷണത്തിനും ദാരിദ്ര്യനിർമ്മാർജ്ജനത്തിനുമായി ശിൽപ്പവിദ്യയേയും അതിനെ സംരക്ഷിക്കുന്നവരേയും ഉചിതമായി ആദരിക്കേണ്ടത് അത്യാവശ്യമാണ് എന്ന് ജാതിവാദത്തെ പ്രോത്സാഹിപ്പിക്കുന്ന അജ്ഞാനികൾ ചിന്തിക്കണം. മാനവസമാജത്തിന് ഇതുമൂലം ഏറെ ഗുണങ്ങളുണ്ടാവും.

**(തുടരും)**

*ധർമ്മം ചര (തൈ. ഉ. 1.11.1)*
*ധർമ്മാചരണം ചെയ്യൂ !*



*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വ്യവഹാര ഭാനുഃ

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

**ഒരു പ്രമാണം നോക്കാം**
**അസൂര്യാ നാമതേ ലോകാ അന്ധേന തമസാവൃതാഃ|**
**താസ്തേ പ്രേത്യ ഭിഗച്ഛന്തി യേകേ ചാത്മഹനോ ജനാഃ||**
(യജുർവ്വേദം 40.3)

അർത്ഥം: (യോ) ഈ (ആത്മഹനഃ) ആത്മഹത്യ ചെയ്യുന്നവർ അഥവാ ആത്മസ്ഥജ്ഞാനത്തിനു വിരുദ്ധമായി പറയുകയും മാനിക്കുകയും ചെയ്യുന്നവരായ (തേ) അവർ (ലോകാഃ) ആളുകൾ (അസൂര്യാ നാമഃ) അസുരൻ അഥവാ ദൈത്യൻ, രാക്ഷസൻ എന്നീ പേരുകളോട് കൂടിയ മനുഷ്യരാണ്. ആരാണ് (അന്ധേന തമസാവൃതാഃ) വലിയ അധർമരൂപമായ അന്ധകാരത്തിൽ ജീവിച്ചുകൊണ്ട് മരണാനന്തരം (താന്) ദുഃഖദായകമായ ദേഹാദിപദാർത്ഥങ്ങളെ (ആഭിഗച്ഛന്തി) സർവഥാ പ്രാപിച്ചു വർത്തിക്കുകയും ആത്മരക്ഷകം അതായത് ആത്മാവിനനുകൂലമായി പറയുന്നവരും വിശ്വസിക്കുന്നവരും ആചരിക്കുന്നവരും വിദ്യാരൂപിയായ ശുദ്ധപ്രകാശത്തെ പ്രാപിച്ച് ദേവൻ അഥവാ വിദ്വാന്മാരായി പ്രസിദ്ധിനേടുന്നു. അവർ മാത്രമാണ് എല്ലായ്പ്പോഴും സുഖത്തെ പ്രാപിച്ച് മരണശേഷവും ആനന്ദയുക്തമായ ദേഹാദിപദാർത്ഥങ്ങളെ പ്രാപിക്കുന്നത്.

**ചോദ്യം: വിദ്യ, അവിദ്യ എന്നുപറയുന്നത് എന്തിനേയാണ്?**

**ഉത്തരം:** ഏതൊന്നുകൊണ്ട് പദാർത്ഥങ്ങളെ യഥാവത് അറിഞ്ഞ് ന്യായയുക്തമായകർമ്മങ്ങൾ ചെയ്യുവാൻ കഴിയുന്നുവോ അതിനെ വിദ്യയെന്നും ഏതൊന്നിനാൽ പദാർത്ഥങ്ങളെ യഥാവത് അറിയാതെ അന്യായരൂപമായ കർമ്മങ്ങൾ ചെയ്യുവാൻ ഇടയാക്കുന്നുവോ അതിനെ അവിദ്യ എന്നും പറയുന്നു.

**ചോദ്യം: ന്യായം, അന്യായം എന്നു പറയുന്നത് എന്തിനേയാണ്?**

**ഉത്തരം:** പക്ഷപാതരഹിതമായി സത്യാചരണം ചെയ്യുന്നതിനെ ന്യായമെന്നും പക്ഷപാതം മൂലം മിഥ്യാചരണങ്ങൾ ചെയ്യുന്നതിനെ അന്യായമെന്നും പറയുന്നു.

**ചോദ്യം: ധർമ്മം, അധർമ്മം എന്നിവയെന്താണ്?**

**ഉത്തരം:** ന്യായാചരണത്താൽ എല്ലാവർക്കും ഹിതം ചെയ്യുക തുടങ്ങിയ കർമ്മങ്ങൾ ധർമ്മവും അന്യായാചരണവും സർവ്വർക്കും അഹിതം വരുത്തുന്നതുമായ കർമ്മങ്ങൾ അധർമ്മവുമാണെന്നറിഞ്ഞാലും.

(തുടരും)

*തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)*
*ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !*







*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

**അദ്ധ്യായം – 3** **വേദനാംനിത്യത്വ വിചാരഃ**

**(സ പര്യഗാത്)** ഈ മന്ത്രം ഈശ്വരനേയും അദ്ദേഹത്താൽ പ്രകാശിപ്പിക്കപ്പെട്ട വേദങ്ങളേയും വിവരിക്കുന്നു. ഏതൊരു പരമേശ്വരനാണോ സർവ്വവ്യാപകാദി വിശേഷഗുണങ്ങൾ ഉള്ളതും എല്ലാ ലോകങ്ങളിലും പരിപൂർണ്ണനായിരിക്കുന്നതും അദ്ദേഹമില്ലാത്ത ഒരു പരമാണുപോലും ഇല്ല. (ശുക്രം) ആ ബ്രഹ്മം സർവ്വജഗത്തിനേയും സൃഷ്ടിക്കുന്നതും അനന്തവിദ്യാദിബലത്തോട് കൂടിയതുമാണ്. (അകായമ്) സ്ഥൂലം, സൂക്ഷ്മം, കാരണം എന്നീ മൂന്നു ശരീരങ്ങളുമായി യാതൊരു ബന്ധവും ഇല്ലാത്തതും അതായത് അതൊരിക്കലും ജന്മമെടുക്കുന്നില്ല. (അവ്രണമ്) അതിൽ ഒരു പരമാണുവിനുപോലും ഛേദമുണ്ടാക്കാനാവാത്തത് ആയതിനാൽ അത് ഛേദരഹിതനാണ്. (അസ്നാവിരം) അത് നാഡീ ഞരമ്പുകളുടെ ബന്ധമില്ലാത്തതാണ്. വായു, രക്തം എന്നിവ നാഡികളാൽ ബന്ധിക്കപ്പെടുന്നതുപോലെയുള്ള ബന്ധം പരമേശ്വരനില്ല. (ശുദ്ധം) അവിദ്യ, അജ്ഞാനം തുടങ്ങിയ ക്ലേശങ്ങളിൽനിന്നെല്ലാം വേറിട്ടുനിൽക്കുന്നവനും (അപാപവിദ്ധം) ആ ഈശ്വരൻ ഒരിക്കലും പാപയുക്തനും പാപം ചെയ്യുന്നവനും ആകുന്നില്ല. എന്തെന്നാൽ അദ്ദേഹം സ്വഭാവത്താൽ ധർമ്മാത്മാവാണ്. (കവിഃ) എല്ലാമറിയുന്നവനാണദ്ദേഹം (മനിഷി) എല്ലാവരുടെയും അന്തര്യാമിയും ഭൂതം, വർത്തമാനം ഭവിഷ്യകാലം എന്നിവയിൽ നടക്കുന്നവയെ യഥാവിധി അറിയുന്നവനുമാണ്. (പരിഭുഃ) എല്ലാവർക്കും ഉപരിയായിവർത്തിക്കുന്നതും (സ്വയംഭൂഃ) ഒരിക്കലും ഉൽപ്പന്നമാവാത്തതും അതിനുകാരണമൊന്നും ഇല്ലാത്തതും എന്നാലത് എല്ലാറ്റിനും കാരണവും അനാദിയും അനന്തവുമാകുന്നു. അതിനാൽ അദ്ദേഹം എല്ലാവരുടേയും മാതാവും പിതാവുമാണ്. തന്റെ തന്നെയായ സത്യസാമർത്ഥ്യത്താൽ എല്ലായ്പ്പോഴും നിലനിൽക്കുന്നതുമാണ്. ഇത്തരം ലക്ഷണങ്ങളോടുകൂടിയ സച്ചിദാനന്ദ സ്വരൂപനായ പരമേശ്വരനാണദ്ദേഹം. എല്ലാവരുടേയും സുഖത്തിനായി അദ്ദേഹം (അർത്ഥാൻ വ്യദധാത്) സത്യാർത്ഥങ്ങളുടെ ഉപദേശം നൽകുന്നു. ഇപ്രകാരം സൃഷ്ടിയുണ്ടാവുമ്പോഴൊക്കെ പരമേശ്വരൻ സൃഷ്ടിയുടെ തുടക്കത്തിൽ സർവ്വവിദ്യായുക്തമായ വേദങ്ങളുടെ ഉപദേശം ചെയ്യുന്നു.

(തുടരും)

*ഭദ്രാ രാതിഃ (സാമം 111)*
*പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം




## പത്താംപ്രഭാഷണം

## ഇതിഹാസ വിഷയം

**അ**തിനുശേഷം ഭരതകുലത്തിൽ അനേകം രാജാക്കന്മാരുണ്ടായി. ഇക്കാരണത്താലാണ് അക്കാലത്ത് ആര്യാവർത്തമെന്ന പേര് ഭാരതവർഷമെന്നായി തീർന്നത്. തുടർന്ന് രാജാരഘു ഭരണം ഏറ്റെടുത്തു. അദ്ദേഹമൊരു മഹാത്മാവായിരുന്നു. അദ്ദേഹത്തിനുശേഷം ശ്രീരാമനുണ്ടായി. രാമനേക്കാളും വലിയ രാജാവ് രഘുവായിരുന്നു. രാമനും രാവണനുമായി യുദ്ധമുണ്ടായി. രാമായണത്തിൽ രാമന്റെ കഥവർണ്ണിക്കുന്നുണ്ട്. ഇത്തരത്തിലുള്ള ധൈര്യശാലികളും, പരാക്രമികളും, ബുദ്ധിമാന്മാരും, പണ്ഡിതരും, വൈദ്യന്മാരും, ന്യായകാരികളുമായ നിരവധി രാജാക്കന്മാർ ആര്യാവർത്തത്തിലുണ്ടായിരുന്നു അക്കാലത്ത് ആര്യാവർത്തം വളരെ സമൃദ്ധവും ഐശ്വര്യങ്ങൾ നിറഞ്ഞതുമായിരുന്നു. കൗഷീതികീയ ബ്രാഹ്മണമനുസരിച്ച് അഞ്ചുവയസ്സാകുമ്പോഴേക്കും ആൺകുട്ടികളും പെൺകുട്ടികളും പാഠശാലയിലേക്ക് അയക്കപ്പെട്ടിരുന്നു. ഇതൊരു സാമൂഹ്യനിയമമായിരുന്നു. ഏതെങ്കിലും മാതാപിതാക്കൾ ഈ നിയമം ലംഘിച്ചാൽ രാജാവ് അവരെ ശിക്ഷിക്കുമായിരുന്നു. ശന്തനുമഹാരാജാവിന്റെ കാലം വരെ ഈ മഹത്തായ പാരമ്പര്യം നിലനിന്നു. ഈ സമയത്ത് ആര്യാവർത്തത്തിന്റെ ഐശ്വര്യം വളരെ ഉന്നതനിലയിലായിരുന്നു. ഈ അതിയായ ഐശ്വര്യത്തിന്റെ മയക്കം മൂലം ആര്യാവർത്തത്തിന്റെ യശസ്സിന് കുറവ് വന്നു തുടങ്ങി. അത്യധികം സമ്പത്തുണ്ടായിരുന്നവരിൽ അലസതയും ഭോഗവാസനകളും ഏറി. തന്മൂലം സാമൂഹ്യനിയമങ്ങൾ മാറിമറിഞ്ഞു തുടങ്ങി.

ഇാജ്യത്തിന്റെ സമ്പത്തിൽ അതിയായ ഗർവ്വുണ്ടായിരുന്ന ശന്തനുവിന്റെ കാലത്ത് ദേശത്ത് വ്യഭിചാരങ്ങൾ കൂടിക്കൂടിവന്നു. നികൃഷ്ടനായ രാജാവായിത്തീർന്ന ശന്തനു കൂടുതൽ അഹങ്കാരിയായി.

(ഈ തുടർലേഖനം ഒരു പുസ്തകരൂപത്തിൽ ഉടൻ പുറത്തിറക്കുന്നതിനാൽ ഇത് ഇവിടെ അവസാനിപ്പിക്കുകയാണ്.

പത്രാധിപർ)

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*







*(മുൻ ലക്കത്തിന്റെ തുടർച്ച)*

# തൻമേ മനഃ ശിവസങ്കല്പമസ്തു

ഡോ.സത്യദേവ് ആര്യ
തർജ്ജമ: കെ.കെ.ജയൻ

## ആമുഖം

## മനസ്സിന്റെ മഹിമ

നമ്മുടെ എല്ലാപ്രവർത്തനങ്ങളേയും രണ്ടു ശ്രേണിയിൽ പെടുത്താം. ഒന്ന് ഐഛികവും മറ്റേത് അനൈഛികവും. നമ്മുടെ ഇച്ഛക്കനുസരിച്ച് ചെയ്യുന്നത് ഐഛികം. ഉദാഹരണത്തിന് നില്ക്കുക നടക്കുക, ഓടുക, കുടിക്കുക, കുളിക്കുക മുതലായവ. അനൈഛിക കർമ്മങ്ങൾ നമ്മുടെ ഇച്ഛയ്ക്കപ്പുറത്തായ ശ്വസനം (Respiratory) രക്തചംക്രമണം (Circulatory), പ്രവചനം (Digestive) ഉത്സർജനം (Excretory) പ്രജനനം (Reproductory), അന്തഃസ്രാവങ്ങൾ (Endocrine) മുതലായവ സ്വയം ചെയ്യുന്നവയാണ്. സ്വതന്ത്ര രൂപത്തിൽ ചെയ്യുന്ന ഇത്തരം കർമ്മങ്ങളെ പൂർണ്ണമായി നിയന്ത്രിക്കാൻ നമുക്കു സാദ്ധ്യമല്ല. പ്രാണായാമം മുതലായ അഭ്യാസങ്ങൾ കൊണ്ട് ശ്വസന പ്രക്രിയ ഏതാനും മിനിട്ടുകൾ നമുക്കു തടയാൻ സാധിച്ചാൽ പോലും രക്തചംക്രമണവും ഹൃദയമിടിപ്പും നേരിട്ട് നിയന്ത്രിക്കാൻ നമുക്ക് ഒട്ടുമേ സാധ്യമല്ല. പ്രജനന പ്രക്രിയകളിൽ ഭ്രൂണം സ്വയം കൃത്യമായ സമയാവധിയിൽ വികസിച്ച് ശിശുവായി പരിണമിക്കുകയും പൂർണാവധിയിൽ പുറത്തുവരികയും ചെയ്യും. അതേ സമയം തന്നെ അമ്മയുടെ സ്തനങ്ങളിൽ പാലിന്റെ ഉത്പാദനവും നടക്കും. ഇത് ശരീരത്തിന്റെ അഭ്യന്തര ക്രിയകളിലെ കാര്യക്ഷമതയാണ് കാണിക്കുന്നത്. എന്നിരുന്നാലും മനസ്സിന് അനൈശ്ചിക കർമ്മങ്ങളിൽ ചില നിയന്ത്രണങ്ങൾ തീർച്ചയായും ഉണ്ട്.

### മനസ്സിന്റെ ഉത്പത്തി

പ്രകൃതിയിലെ മഹത് തത്വത്തിൽ നിന്നാണ് മനസ്സിന്റെ ഉത്പത്തി. പ്രകൃതിയിൽ പരമാണു നിദ്രാവസ്ഥയിൽ അഥവാ സാമ്യാവസ്ഥയിൽ സ്ഥിതിചെയ്യുന്നു. സർഗാരംഭത്തിൽ പരമാത്മാവ് തന്റെ ഈക്ഷണത്താൽ (സഋഷാംചക്രേ) ഈ സാമ്യവസ്ഥക്ക് ക്ഷോഭമുണ്ടാക്കി പരമാണുവിൽ വിഷമാ (വി+സമ) വസ്ഥ സൃഷ്ടിക്കുകയും അത് ചലനാത്മകമാകുകയും ചെയ്തു. ഈ ചലനാത്മകത പരമാണുവിന്റെ മൂലതത്വങ്ങളായ സത്വം (Protons). രജസ് (Electrons) തമസ് (Nutrons) എന്നിവയുടെ വൈദ്യുത തരംഗ സ്വരൂപത്തിൽ നിന്നും ഉണ്ടായതാണ്.

(തുടരും)

*ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)*
*മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല*

(മുൻ ലക്കത്തിന്റെ തുടർച്ച)



# യോഗദർശനം

## (മഹർഷി വ്യാസഭാഷ്യസഹിതം)

സ്വാമി സത്യപതി പരിവ്രാജക്
തർജ്ജമ : കെ.എം. രാജൻ

## കൈവല്യത്തിന്റെ സ്വരൂപം

**പ**തഞ്ജലി മഹർഷി യോഗദർശനത്തിന്റെ നാലുപാദങ്ങളിലും കൈവല്യം = മോക്ഷത്തിന്റെ വിവേചനം ചെയ്യുന്നുണ്ട്. ഒന്നാം പാദത്തിലെ സൂത്രത്തിൽ (1.3) പറയുന്നു. തദാ ദ്രഷ്ടുഃ സ്വരൂപേ$f$വസ്ഥാനമ്.

അർത്ഥം: അപ്പോൾ (അസം പ്രജ്ഞാത സമാധിയിൽ) ജീവാത്മാവിന് തന്റേയും പരമാത്മാവിന്റേയും അവസ്ഥിതിയുണ്ടാകുന്നു. അതായത് അത് തന്റേയും ഈശ്വരന്റേയും സ്വരൂപത്തെ നന്നായി അറിയുന്നു. ഈ അവസ്ഥയിൽ എല്ലാ ദുഃഖങ്ങളുടേയും നിവൃത്തിയും നിത്യാനന്ദ പ്രാപ്തിയുമുണ്ടാവുന്നു.

### രണ്ടാം പാദം സൂത്രസംഖ്യ 25

**തദ് ഭാവാത് സംയോഗാഭാവോ ഹാനം തദ് ദൃശേഃ കൈവല്യമ്**

അർത്ഥം: ആ അവിദ്യയുടെ അഭാവമുണ്ടാകുമ്പോൾ ദ്രഷ്ടാവിന്റെയും (ജീവാത്മാവ്) ദൃശ്യത്തിന്റേയും (പ്രകൃതി) സംയാഗത്തിന്റെ അഭാവമുണ്ടാവുന്നു. അതാണ് ഹാനം. അവിടെ ജീവാത്മാവിന് കൈവല്യമാണ്.

### മൂന്നാം പാദം സൂത്രസംഖ്യ 55

**സത്വപുരുഷയോഃ ശുദ്ധിസാമ്യേ കൈവല്യമിതി**

അർത്ഥം: രജസ്തമങ്ങളുടെ മാലിന്യമില്ലാതിരിക്കുകയും ബുദ്ധിയും പുരുഷനും (ജീവാത്മാവ്) അന്യതാഖ്യാതിയിൽ വേവ്വേറെയാണ് എന്നനുഭവം വർത്തിക്കുകയും ക്ലേശവാസനകൾ നശിക്കുകയും ചെയ്യുമ്പോൾ ബുദ്ധിക്ക് ശുദ്ധിയുണ്ടാവുന്നു. ജീവാത്മാവിൽ ഭോഗത്തിന്റെ അഭാവമുണ്ടാവുക പുരുഷന്റെ ശുദ്ധിയാണ്. ബുദ്ധിക്കും പുരുഷനും സമാനരൂപത്തിൽ ശുദ്ധിയുണ്ടാവുമ്പോൾ മോക്ഷപ്രാപ്തിയുണ്ടാവും.

### നാലാം പാദം 34-ാം സൂത്രം

**പുരുഷാർത്ഥശൂന്യാനാം ഗുണാനാം പ്രതിപ്രസവഃ**
**കൈവല്യം സ്വരൂപപ്രതിഷ്ഠാ വാ ചിതിശക്തിരേതി.**

അർത്ഥം: ഭോഗവും അപവർഗ്ഗവും പ്രയോജനരഹിതമായ ചിത്തം തുടങ്ങിയ കാര്യരൂപഗുണങ്ങളെ തന്റെ കാരണങ്ങളിൽ ലീനമായിരിക്കുക അഥവാ എല്ലാ ക്ലേശങ്ങളിൽനിന്നും എല്ലായ്പ്പോഴും വിടുതൽ നേടി ജീവാത്മാവിന് തന്റെയും ഈശ്വരന്റേയും സ്വരൂപത്തിൽ അവസ്ഥിതനാവുന്നതാണ് മോക്ഷം.

**(തുടരും)**

*ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)*
*അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും*





(മുൻ ലക്കത്തിന്റെ തുടർച്ച)



# പുരാണങ്ങൾ; സത്യവും മിഥ്യയും

കെ. എം. രാജൻ

അദ്ധ്യായം 2 — പുരാണങ്ങളുടെ സംക്ഷിപ്ത പരിചയം

**ബ്ര**ഹ്മഖണ്ഡത്തിൽ ഭഗവാൻ ശ്രീകൃഷ്ണന്റെ ചരിത്രവും വിവിധ ലീലകളും വർണ്ണിക്കുന്നു. ആയുർവ്വേദവുമായി ബന്ധപ്പെട്ട പല വിവരങ്ങളും ഇതിൽ ഉണ്ട്. പ്രകൃതിഖണ്ഡത്തിൽ ദേവിമാരുടെ വിഭിന്നചരിത്രം, സരസ്വതീ ദേവിയുടെ പൂജാവിധാനം, ഗംഗയുടെ ഉൽപ്പത്തി തുടങ്ങിയവയുടെ പ്രാധാന്യം, ഭഗവതി സ്വാഹായുടേയും സ്വധായുടേയും ഉപാഖ്യാനം, വിഭിന്ന സ്തോത്രങ്ങൾ, ദുർഗ്ഗയുടെ പതിനാറ് നാമങ്ങളുടെ വ്യഖ്യാനം എന്നിവ കാണാം. ഗണപതി ഖണ്ഡത്തിൽ ഗണേശന്റെ ജനനം, വിഷ്ണുവിനാൽ രചിക്കപ്പെട്ട ഗണേശസ്തവനം, ദശാക്ഷരിവിദ്യ, ദുർഗ്ഗാകവചത്തിന്റെ വർണ്ണന എന്നിവയുമുണ്ട്. ശ്രീകൃഷ്ണജന്മഖണ്ഡത്തിൽ ശ്രീകൃഷ്ണന്റെ ലീലകൾ വിവരിക്കുന്നു. ഭാഗവതത്തിൽ മാത്രമേ ഇത്തരത്തിൽ വിസ്തൃതമായ കൃഷ്ണ ലീലകൾ കാണുന്നുള്ളു.

### 12. വരാഹപുരാണം

വിഷ്ണുവിന്റെ വരാഹാവതാരത്തെ പ്രകീർത്തിച്ചുകൊണ്ടുള്ളതാണ് ഈ പുരാണം. ഭൂമിദേവി ശ്രീനാരായണനെ സ്തുതിച്ച് ജീവജാലങ്ങളുടെ മംഗളത്തിനായി പല ചോദ്യങ്ങളും ചോദിക്കുന്നു. ഭഗവാൻ വരാഹത്തിന്റെ ധർമ്മോപദേശത്തിന്റെ കഥകളാണ് ഈ പുരാണത്തെ വിഖ്യാതമാക്കുന്നത്. 217 അദ്ധ്യായങ്ങളുള്ള ഈ പുരാണത്തിൽ പതിനായിരത്തോളം ശ്ലോകങ്ങളുണ്ട്. വിഷ്ണുപൂജയുടെ സാത്വികവിധികൾ 115 മുതൽ 125 വരെയുള്ള അദ്ധ്യായങ്ങളിൽ വിവരിക്കുന്നു. ത്രിശക്തിമാഹാത്മ്യം, കാർത്തികേയചരിതം, രുദ്രക്ഷേത്ര വർണ്ണന, സൂര്യൻ-ശിവൻ-ബ്രഹ്മാവ് എന്നിവരുടെ ചരിത്രവും പൂജാ-ഉപാസനാനിരൂപണവും, വിവിധവ്രതങ്ങളുടെ വിവരണം, തീർത്ഥസ്ഥലങ്ങളായ കോകാമുഖം, ഹരിദ്വാർ, ഋഷീകേശ്, വരാഹക്ഷേത്രം, മുക്തിനാഥം, ലോഹാർഗളം, ദ്വാരക, ബദരീനാഥ്, മഥുര എന്നിവയുടെ മഹിമ, വിഭിന്ന ദേവതകളുടെ വ്യത്യസ്തങ്ങളായ പദാർത്ഥങ്ങൾകൊണ്ടുള്ള വിഗ്രഹങ്ങൾ ഉണ്ടാക്കുന്നവിധി, അവയുടെ പ്രതിഷ്ഠാവിധി തുടങ്ങിയവ വർണ്ണിക്കുന്നു. ഈ പുരാണത്തിൽ കഠോപനിഷത്തിലെ നചികേതോപാഖ്യാനം വിസ്തരിച്ച് വ്യാഖ്യാനിക്കുന്നുണ്ട് .

**(തുടരും)**

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*



(മുൻലക്കത്തിന്റെ തുടർച്ച)

# ദ്രൗപദിയും പഞ്ചപതികളും

അമർസ്വാമി സരസ്വതി
തർജ്ജമ: കെ.എം.രാജൻ

വ്യാസൻ പറഞ്ഞു.

**അസ്മിൻ ധർമ്മേ വിപ്രലബ്ധേ ലോകവേദവിരോധ കോ|**
**ആസ്യ യസ്യ മതം യദ് യഛദ്റോതുമിച്ഛാമി തസ്യ തത്ഃ||**

(മഹാഭാരതം ആദിപർവ്വം 195 ശ്ലോകം 6)

**ഭാവാർത്ഥം** : ഈ ലോകത്തിൽ വേദവിരുദ്ധമായ ധർമ്മസംബന്ധമായ ആരുടേയെല്ലാം അഭിപ്രായങ്ങളുണ്ടോ ഞാൻ അവയെല്ലാം കേൾക്കാനാഗ്രഹിക്കുന്നു.

അപ്പോൾ ദ്രുപദരാജാവ് പറഞ്ഞു

**അധർമ്മോ$f$യം മമ മതോ വിരുദ്ധോ ലോകവേദയോഃ|**
**ന നഹ്യേകാ വിദ്യതെ പത്നി ബഹൂനാം ദ്വിജസത്തമ||**

(മഹാഭാരതം ആദിപർവ്വം അദ്ധ്യായം 195, ശ്ലോകം 7)

**ഭാവാർത്ഥം** : എന്റെ അഭിപ്രായത്തിൽ ഇത് ലോകവിരുദ്ധവും വേദവിരുദ്ധവും അധർമ്മവുമാണ്. ഒരു സ്ത്രീ അനേകം പേരുടെ പത്നിയാകുന്ന നിയമം എവിടേയുമില്ല.

**ന ചാപ്യചരിതഃ പുർവ്വേരയം ധർമ്മോ മഹാത്മഭിഃ|**
**ന ചാപ്യധർമ്മോ വിദ്വദ്ഭിശ്ചരിതവ്യഃ കഥംചന ||**

(മഹാഭാരതം ആദിപർവ്വം 196 ശ്ലോകം 8)

**ഭാവാർത്ഥം:** പണ്ട് മഹാത്മാക്കളായ പുരുഷന്മാർ ആരും ഇത്തരത്തിലുള്ള ധർമ്മാചരണം നടത്തിയിട്ടില്ല. പണ്ഡിതരായ പുരുഷന്മാർ അധർമ്മത്തിന്റെ ആചരണം ഒരിക്കലും ചെയ്യാൻ പാടില്ല.

**യവിയസഃ കഥം ഭാര്യാ ഭ്രാതാ ദ്വിജർഷഭ |**
**ബ്രഹ്മാന് സമഭിവർത്തേത സവൃത്തഃ സംസ്തപോധന||**
**ന തു ധർമ്മസ്യ സൂക്ഷ്മത്വാദ് ഗതിമ് വിദ്മ കഥംചന|**
**അധർമോ ധർമ്മ ഇതി വാ വ്യവസായോ ന ശക്യതേ||**
**കർതും മസയമദ്വിധൈ ബ്രഹ്മം സതതോ$f$യം ന വ്യവസ്യതെ|**
**പഞ്ചാനാം മഹിഷീ കൃഷ്ണാ ഭവത്വിതി കഥംചന||**

(മഹാഭാരതം ആദുപർവ്വം അദ്ധ്യായ 194 ശ്ലോകം 10, 11,12)

**ഭാവാർത്ഥം:** സദാചാരിയായ മുതിർന്ന സഹോദരൻ ഇളയസഹോദരന്റെ പത്നിയുമായി സമാഗമം എങ്ങനെ നടത്തും?

**(തുടരും)**

*യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7. 23)*
*ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ*





(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## അദ്ധ്യായം –5



**"ആ**ട്ടെ നമുക്ക് പോംവഴിയുണ്ടാക്കാം. നിരാശപ്പെടേണ്ട, ഇവിടെ വിത്തൽഭായ് പട്ടേലിന്റെ പേരിലൊരു റോഡുണ്ട്. വിത്തൽപട്ടേൽ, വല്ലഭഭായ് പട്ടേലിന്റെ ജ്യേഷ്ഠനായിരുന്നു. അദ്ദേഹത്തിന്റെ കഴിവിന്റേയും നേതൃത്വപാടവത്തിന്റെയും മുന്നിൽ വിശ്വഭരണ തന്ത്രപടുക്കളായ ബ്രിട്ടീഷുകാർപോലും മുട്ടുകുത്തിയിരുന്നു. ആ മഹാന്റെ പേരാണ് ആ തെരുവിന്. അവിടെ ഒരു ആര്യസമാജമുണ്ട്. അവിടെ ചെന്ന് കണ്ടാൽ അവർ ഒരു പോംവഴി നിർദ്ദേശിക്കും. പരിചയപ്പെടുത്താൻ ഞാനും വരാം, എന്താ പോരെ? രാമകൃഷ്ണൻ അഭിപ്രായപ്പെട്ടു.

"അയ്യാ, അതിലൊരു, പ്രശ്നമുണ്ട്." പാച്ചന്റെ സ്വരത്തിൽ ഉത്തരവാദിത്വബോധം തികച്ചുമുണ്ടായിരുന്നു.

"ഉം, എന്താ പ്രശ്നം? വല്ല തടസ്സവുമുണ്ടോ? രാമകൃഷ്ണൻ അന്വേഷണാത്മകമായി നോക്കി."

"സ്വാമി എന്നെ വിശ്വസിച്ച് പോയതല്ലെ, അപ്പോൾ അദ്ദേഹം വരാതെ, അവരെ ഒന്നറിയിക്കുകയെങ്കിലും ചെയ്യാതെ എന്തെങ്കിലും ചെയ്താൽ അദ്ദേഹത്തെ വഞ്ചിക്കലാവില്ലേ?" പാച്ചൻ ത്രിശങ്കു സമാനമായി രാമകൃഷ്ണനെ വീക്ഷിച്ചു.

അഃ, ശരി, സ്വാമിയുടെ വീട്ടിലെ ഫോൺനമ്പറുണ്ടോ? എന്നാൽ വഴിയുണ്ട്. പെട്ടെന്നെന്തോ വീണുകിട്ടിയപോലെ രാമകൃഷ്ണൻ ചോദിച്ചു.

"ഉവ്വ്, സ്വാമി നമ്പർ തന്നിട്ടുണ്ട്. എന്തെങ്കിലും വിശേഷമുണ്ടെങ്കിൽ വിളിച്ചോളാൻ പറഞ്ഞിട്ടാണ് പോയിരിക്കുന്നത്." പാച്ചൻ ആശ്വാസത്തോടെ പറഞ്ഞു.

"എന്നാൽ പോകാം വേഗം ....." രാമകൃഷ്ണൻ എഴുന്നേറ്റു കൊണ്ടാണ് പറഞ്ഞത്.

ഒപ്പമെഴുന്നേറ്റു പാച്ചനും. രണ്ടുപേരുംകൂടി ടെലിഫോൺ ബൂത്തിലേക്ക് നടന്നു.

**(തുടരും)**

*യന്തി പ്രമാദമതന്ദ്രാഃ (സാമം 721)*
*ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു*